**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6286** **10-07-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ റെഗുലേറ്ററുകളുടെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള കുറുമാലി പുഴയിലെ മാഞ്ഞാംകുഴി റെഗുലേറ്റർ, മണലിപ്പുഴയിലെ ഓടഞ്ചിറ, തൃക്കൂർ റെഗുലേറ്ററുകൾ എന്നിവയുടെ നവീകരണത്തിനും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ വരുന്ന മാഞ്ഞാംകുഴി റെഗുലേറ്ററിന്റെ വാർഷിക അറ്റകുറ്റ പണികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി എല്ലാ വർഷവും ചെയതു വരുന്നുണ്ട്. |
| (ബി) | മാഞ്ഞാംകുഴി ഇറിഗേഷൻ ഓഫീസിന്റെ കീഴിൽ അഞ്ച് വർക്കർമാരുടെ സേവനം ലഭ്യമായിരുന്ന സ്ഥാനത്ത് ഇന്ന് ഒരാളുടെപോലും സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഓഫീസിന് കീഴിൽ വാച്ച്മാൻമാരുടെയും വർക്കർമാരുടെയും സേവനം തുടർന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | മാഞ്ഞാംകുഴി ഇറിഗേഷൻ ഓഫീസിന്റെ കീഴിൽ വാച്ച്മാന്റെ അംഗീകൃത തസ്തികയില്ല. |

സെക്ഷൻ ഓഫീസർ